ഹേമമാലിനി. എം

# വാടാത്ത താമരയും കെടാത്ത സൂര്യനും

മൺപുറ്റിൽനിന്ന് ഉയിർത്തെണീറ്റ മഹാകവി, ഇരിക്കുന്ന കൊമ്പുമുറിക്കുന്ന പാമരനായ ഒരാൾക്ക് ദേവീപ്രസാദമായി ലഭിക്കുന്ന കവിത്വസിദ്ധി, മലയാളത്തിൽ പൂന്താനം ഭട്ടതിരിക്കഥകൾ എന്നിങ്ങനെ പൂർവ്വബോധത്തിൽ ഉറങ്ങുകിടക്കുന്ന മിത്തുകൾപോലെ, ആത്മീയതയുടെ പരഭാഗശോഭയോടുകൂടിയാണ് പൗരസ്ത്യകാവ്യചരിത്രങ്ങൾ പലപ്പോഴും പ്രത്യക്ഷപ്പെടുന്നതെന്നു കാണാം. ഇങ്ങനെയുള്ള പൗരാണിക മിത്തുകളെ തുടർന്ന് വന്ന സിദ്ധാന്തപരമ്പരകളൊന്നും റദ്ദുചെയ്യുവാൻ ശ്രമിച്ചിട്ടില്ല എന്നതും ശ്രദ്ധേയമാണ്. ഇത്തരത്തിലുള്ള പുരാതനകാവ്യനിർമ്മിതീതത്വസംസ്കാരത്തെ ഉപജീവിക്കുന്ന മലയാളകവികളിൽ പ്രധാനിയാണ് അക്കിത്തം.

താമര- സൂര്യൻ എന്ന കാവ്യബിംബകല്പന തീർത്തും ക്ലാസ്സിക്കാണ്. പ്രണയത്തെ പാതിവ്രത്യം, വിധേയത്വം എന്നിവയുമായി ചേർത്തുവായിക്കാൻ പാകത്തിൽ മഹനീയമായ ഒരാദർശമാക്കുന്ന ക്ലാസ്സിക്ക് രീതി. എന്നാൽ 'മാംസനിബദ്ധമല്ല രാഗ' മെന്നതിന്റെ തുടർച്ചയായി 'സ്നേഹത്തിൻ ഫലം. സ്നേഹ'മെന്ന് താമരയ്ക്കു പകരം സൂര്യകാന്തിയെ പ്രതിഷ്ഠിച്ചുകൊണ്ട്, മലയാളകവിതയിൽ പ്രണയം കാല്പനികതയിൽനിന്നും മിസ്റ്റിസിസത്തിലേയ്ക്കു പരിണമിച്ചു. വീണുകിടക്കുന്ന പൂവും വാടിയ സൂര്യകാന്തിയും സംവദിച്ച ഭാവുകത്വങ്ങൾക്കുശേഷം 'വാടാത്ത താമരയും കെടാത്തസൂര്യനും' എന്ന കവിതയിൽ വീണ്ടും അക്കിത്തം താമരയേയും സൂര്യനേയും കുറിച്ച് ചിന്തിക്കുന്നു.

ആധുനികകവിത്രയത്തിനു ശേഷം മലയാളകവിത പലപല ഇടച്ചാലുകളിലൂടെ ഒഴുകിയാണ് തിടം വെയ്ക്കുന്നത്. പ്രസ്ഥാനങ്ങളും പ്രവണതകളും ഉണ്ടാക്കിയ സമാനതകൾക്കപ്പുറം വൈയക്തികാഭിരുചികൾ ഓരോ കവിയേയും വ്യതിരിക്തനാക്കി. ജീവൽസാഹിത്യവും ആധുനികതയും കവിതയിലെന്നല്ല എല്ലാ സാഹിത്യരൂപങ്ങളിലും ആശയമണ്ഡലത്തേയും ഭാവ

പ്രപഞ്ചത്തേയും ഉടച്ചുവാർത്തുകൊണ്ടിരുന്നു. ജീവൽസാഹിത്യം ഊന്നൽ നൽകിയതിനെ എല്ലാം നിരാകരിച്ചും, വിപരീതപ്രതീതികൾ നിർമ്മിച്ചും, ശുഭാപ്തിവിശ്വാസത്തിന്റെ വജ്രരേഖകളെ നൈരാശ്യത്തിന്റെ ഇരുട്ടുകൊണ്ട് മായ്ച്ചുകളഞ്ഞുമാണ് ആധുനികത സാഹിത്യത്തിൽ പ്രത്യക്ഷപ്പെട്ടത്. ഈ പരിണാമങ്ങളിൽ രണ്ട് പ്രസ്ഥാനങ്ങളും ഒരുപോലെ തള്ളിക്കളഞ്ഞ പൗരാണികബിംബങ്ങളും സനാതനധർമ്മസംഹിതകളും കവിതയിൽ ഒരു തിരിച്ചുവരവു നടത്തി. ഒളപ്പമണ്ണ, കക്കാട്, വിഷ്ണുനാരായണൻ നമ്പൂതിരി എന്നിവർ തീർത്തും ആധുനികമായി നവമായ തങ്ങളുടെ ചിന്തകളെ ആവിഷ്ക്കരിക്കാൻ വേദപാരമ്പര്യം ഉരുവപ്പെടുത്തിയ ബിംബാവലികളെ ഉപയോഗിക്കുന്നു. പക്ഷേ ചിതൽപ്പെട്ട ഒരു പാരമ്പര്യത്തിലേയ്ക്കുള്ള പിൻമടക്കമെന്ന് വായിക്കാതിരിക്കാനുള്ള അവധാനത വരികളിലും രീതികളിലും ഇവർ സൂക്ഷിക്കുന്നുണ്ട്. വർത്തമാനകാലത്തോടുള്ള അതിതീക്ഷ്ണമായ കാലുഷ്യവും കലഹവും സാക്ഷ്യപ്പെടുത്തുവാനായി ഉപയോഗിച്ച ദുർഗ്രഹമായ പൗരാണികമിത്തുകൾ, വേതാളം തുടങ്ങിയ ബിംബങ്ങൾ ഇതെല്ലാം ആധുനികകവിതാഭൂപടത്തിൽ മഷിപടരാതെനിന്ന കടും നിറങ്ങളാണ്. ഇരുപതാംനൂറ്റാണ്ടിന്റെ ഇതിഹാസത്തെ സ്വർഗ്ഗവും നരകവും പാതാളവും ഭൂമിയുമായി വീതം വയ്ക്കുമ്പോൾ അക്കിത്തവും ഈ രചനാരീതിയോടാണ് ചേർന്നുനിൽക്കുന്നത്. ഇങ്ങനെ പൗരസ്ത്യആത്മീയചിന്തകളുടെ ദർശനവ്യാപ്തിയാണ് അക്കിത്തത്തിന്റെ കവിതകളെ ദീപ്തമാക്കുന്നത്. പക്ഷേ വരേണ്യതയുടെ ഉച്ചസ്ഥായിയിലും ഈ കവിതകൾ മാനവികതയിലേയ്ക്കാണ് വികസിക്കുന്നനത്.

'വാടാത്ത താമരയും കെടാത്തസൂര്യനും' ഒരു ചരിത്രത്തെയാണ് ആവിഷ്കരിക്കുന്നത്. മനുഷ്യസംസ്കാരചരിത്രമാണ് വിശദമായി വിവരിക്കുന്നതെങ്കിലും യഥാർത്ഥത്തിൽ ഈ കവിത അന്വേഷിക്കുന്നത് മനുഷ്യന്റെ സൗന്ദര്യാസ്വാദനചരിത്രമാണ്. കവിയുടെ മുൻപിൽ വിരിഞ്ഞുനിന്ന താമരപ്പൂവാണ്, എന്നു മുതലാണ് മനുഷ്യന് ഈ സൗന്ദര്യത്തെ തിരിച്ചറിയുന്ന അകക്കണ്ണ് ഉണ്ടായത് എന്ന ആലോചനയിലേയ്ക്കു നയിക്കുന്നത്. തുടർന്ന് കവി മനുഷ്യചരിത്രത്തിലേയ്ക്കു ഒരു പിൻയാത്ര നടത്തുന്നു. കല്ലുരസിയുണ്ടാക്കിയ അഗ്നി എന്ന അത്ഭുതം, ആ അഗ്നിയിൽ പാകപ്പെടുത്തിയെടുത്ത ഭക്ഷണം ക്രമപ്പെടുത്തിയ ജീവിതരീതികൾ എന്നിങ്ങനെയുള്ള മനുഷ്യന്റെ അനുക്രമമായ വളർച്ച ദീർഘമായിത്തന്നെ കവിതയിൽ വിവരിക്കുന്നു. മനസ്സിൽ ഓർമ്മകളുണരുന്നപോലെയാണ് മനുഷ്യന്റെ ഈ ഭൂതകാലത്തിലേയ്ക്കു കവി വാക്കുകളിലൂടെ ചെന്നെത്തുന്നത്.

"പാരിതിലാദിയിലുദയംകൊണ്ടു പൊ-
ലിഞ്ഞൊരു പൊന്നോണത്തിൻ ചരിതം" എഴുതിയ വൈലോപ്പി



ള്ളിയെപ്പോലെ അക്കിത്തത്തിലും ഒരു ചരിത്രകാരനുണ്ട്. ആ ചരിത്രവീക്ഷണത്തിൽ അതിലും ദൃഢമായ പൗരസ്ത്യകാവ്യാവബോധം കലരുന്നതുകൊണ്ട് ഈ കവിത കേവലമനുഷ്യപരിണാമചരിത്രമാകാതെ മാറി നിന്നു. ശിലായുഗമനുഷ്യന്റെ അലച്ചിലിന്നിടയിലും

"കാലടിവെപ്പാലൊടിയും ചെടിയുടെ
പൂവിൻ തുമണമേറ്റി
ട്ടേലും വിസ്മയമൊരുഞൊടി ദൃഷ്ടിത-
ടങ്ങളിൽ നിന്നു തുടിക്കുന്നു" എന്ന് ആ മനുഷ്യന്റെ മനസ്സിനുള്ള

ആർദ്രതയെപ്പറ്റി ചിന്തിക്കാതിരിക്കാനാകുന്നില്ല. സംസ്കാരത്തിന്റെ അടുത്തൊരുഘട്ടത്തിലാണ് ഇന്നലെ കേവല വസ്തു/ ഉപകരണത്തിന് അതീതമായി "ചാരുത, നിഷ്കളങ്കസൗമ്യത, നിഭൃതാശ്വസ്തത"യായി കാണുന്നത്. അവിടെനിന്നാരംഭിച്ച പരസ്പരസ്നേഹവിശ്വാസധാരണകൾ ഒരുമിച്ചുള്ള സൗന്ദര്യാന്വേഷണങ്ങളിലേയ്ക്കു നയിക്കുന്നു. പിന്നെ കല, തത്ത്വചിന്ത, ശാസ്ത്രം.... മനുഷ്യൻ പൂർണ്ണത അന്വേഷിക്കുകയാണ്. തുടർന്ന്,

"......... ചകിരി-
ക്കുഴലും, കരിമീൻകണ്ണും,
കല്ലുളിപോലാം ചിബുകം, തെങ്ങോ-
ലപ്പൊളി പോലാം ഫാലം,
ഫുല്ലജപാപുഷ്പം പോലാം ചെവി
തൊണ്ടിപ്പഴമെതിർ ചുണ്ടും....." എന്നിങ്ങനെ ഇണയുടെ സൗന്ദര്യ

ത്തിന് പ്രകൃതിയിൽനിന്ന് ഉപമകൾ തേടുകയായി. ഇതിലെല്ലാം നിഴലിക്കുന്ന അക്കിത്തത്തിന്റെ സൂഷ്മനിരീക്ഷണവും ചരിത്രപരതയും ശ്രദ്ധേയമാണ്. കാലടിയിൽ ഒടിഞ്ഞപൂവിനെ നോക്കി വിസ്മയംപൂണ്ട്, മിന്നൽ ദർശനം നൽകിയ ഇണയുടെ അപാരസൗന്ദര്യക്കാഴ്ചയുടെ മധുരസമാധിയിലാണ്, ഇണയോടൊത്ത് പ്രകൃതിക്കാഴ്ചകളുടെ സൗന്ദര്യം നുകർന്ന് അതിൽ മതിമറന്നതിനുശേഷമാണ് മനുഷ്യതിര്യക്കുകളുടെ സൗന്ദര്യസമാനതകളിലേയ്ക്കും വർണ്ണനകളിലേയ്ക്കുമെത്തുന്നത്. ആസ്വാദനാനുഭൂതികളുടെ വികസ്വരതയിൽ ഇടർച്ചകളില്ല. ഈ ചരിത്രത്തിൽ

"പ്രകൃതിഭയാകുലനൊരുവനു തോന്നി
മൺപാത്രത്തെപ്പോലെ
പ്രകടവിഷാദാധീനം നശ്വര-
മാണീ മർത്യശരീരം"എന്ന് ആത്മീയതയുടെ ജ്വലനത്തെ വിട്ടുപോ

കാതെ കവി ചേർക്കുന്നുണ്ട്.

അക്കിത്തം കാവ്യം അവസാനിപ്പിക്കുന്നത് തിരിച്ച് വീട്ടിലെത്തുമ്പോൾ, തന്നെ കാത്തിരിക്കുന്ന പ്രേയസിയുടെ വാടാത്ത മുഖാംബുജത്തിലാണ്.

പ്രണയത്തെ മിഥ്യയായും, വ്യഥയായും, ലഹരിപിടിക്കുംവേദനയായും ആഘോഷിച്ച മലയാളത്തിലെ ഗന്ധർവ്വകാലത്തിനു ശേഷം വൈലോപ്പിള്ളിയും ഇടശ്ശേരിയും സ്നേഹത്താൽ ബന്ധിതരായ സ്ത്രീപുരുഷന്മാർ പടുക്കുന്ന ദാമ്പത്യമെന്ന സ്ഥാപനത്തിന്റെ ആദർശത്തെക്കുറിച്ചാണ് എഴുതിയത്. വൈലോപ്പിള്ളി തന്റെ കവിതകളിൽ നിലനിർത്തുന്ന ഒരു ഗാർഹികമിത്തിനെക്കുറിച്ച് എൻ.എൻ. കക്കാടും നിരീക്ഷിക്കുന്നുണ്ട്. ഇടശ്ശേരിക്കും പ്രണയമെന്നാൽ ദമ്പതിമാർക്കിടയിൽ സംഭവിക്കുന്ന ഒന്നാണ്. അക്കിത്തവും ഈ വഴി പിന്തുടരുന്നു. കേരളത്തിലെ നവോത്ഥാനസമരങ്ങൾ കീഴാളൻ അനുഭവിച്ച അസ്പൃശ്യതയ്ക്കെതിരെ മാത്രമായിരുന്നില്ല; മേലാളന്റെ കുടുംബസ്ഥാപനപ്രതിഷ്ഠാപനത്തിനും അതിൽ സ്ഥാനമുണ്ടായിരുന്നു. സംബന്ധങ്ങൾ ഉണ്ടാക്കിയിരുന്ന താത്ക്കാലിക ഉടമ്പടികളിൽ അനാഥരായകുട്ടികൾ, അക്ലിപ്തമായ ഭാവിയെക്കുറിച്ചോർത്ത് ആകുലപ്പെടുന്ന സ്ത്രീകൾ, സ്വന്തം എന്നു കരുതാൻ ആരുമില്ലാതായിപ്പോയ ചില പുരുഷന്മാർ.... ഇങ്ങനെയുള്ള ഒരു ഭൂരിപക്ഷത്തിന്റെ സങ്കടയാത്രകൾക്ക് അറുതി വരുത്തിക്കൊണ്ടാണ് മരുമക്കത്തായം, സംബന്ധം എല്ലാം അപ്രത്യക്ഷമായ സാമൂഹ്യപരിഷ്ക്കരണങ്ങളുണ്ടാകുന്നത്. ആ കാലത്തെ, കുറേപേരുടെ അന്നത്തെ കനൽയാത്രകളെ, കണ്ടും കേട്ടുമുള്ള സ്മരണകൾ ജ്വലിക്കുന്നതുകൊണ്ടാകണം ഈ കവികളെല്ലാം ഇത്രയേറെ തീക്ഷ്ണതയോടെ ദാമ്പത്യബന്ധങ്ങളെ കവിതയിൽ ചേർത്തുപിടിച്ചത്. ഈ കവിതയിലെ താമര അക്കിത്തത്തിനു പ്രണയിനിയല്ല, പ്രേയസിയാണ്.

അക്കിത്തത്തിന്റെ കവിതകളുടെ ജീവനനാഡി 'ഇരുപതാം നൂറ്റാണ്ടിലെ' വരികളിൽ പറഞ്ഞതുതന്നെയാണ്.

"ഒരു കണ്ണീർക്കണം മറ്റു-
ള്ളവർക്കായ് ഞാൻ പൊഴിക്കവേ
ഉദിക്കയാണെന്നാത്മാവി-
ലായിരം സൗരമണ്ഡലം"- ഇവയുടെ സംക്ഷിപ്താർത്ഥവും വിശേഷാർത്ഥവുമെല്ലാം ഒറ്റവാക്കിലൊതുക്കാം- അഗാധമായ മനുഷ്യനന്മ. ഇത്രയും, ഒരുപോലെ ലളിതവും ഗഹനവുമായ നന്മ ഇടശ്ശേരിയിലും ഉറൂബിലുമാണ് കാണാനാകുക. പൊന്നാനിക്കളരി അക്കിത്തത്തെ പഠിപ്പിച്ചത് എഴുത്തല്ല, എഴുത്തിന്റെ നന്മയാണ്. ഈ നന്മ നൽകുന്ന ശുഭാപ്തിവിശ്വാസം.

"പൊൽത്താര രുണന്മാരേ, നിങ്ങടെ രാഗം
നിത്യാകർഷകമത്രേ
പൂർണ്ണത പുണാനുഴറി യുഗങ്ങളി-
ലൂടെയൊലിക്കും മർത്ത്യ-



പ്രാണനിലാലക്തികമാം ദിവ്യ
മഹത്വം നിലനില്പോളം.." എന്ന് കവിയെ പ്രസാദവാനാക്കുന്നു. "ഇല്ല നിഷ്ഫലമെന്ന ശബ്ദമീ ബ്രഹ്മാണ്ഡത്തിൽ" എന്നാണ് അക്കിത്തത്തിന്റെ വേടന്റെ ഭാഷ്യം. ഈ ശുഭചിന്തകളുടെ ഊർജ്ജകേന്ദ്രത്തെക്കുറിച്ചും ചിന്തിക്കേണ്ടതുണ്ട്.

തത്ത്വചിന്ത ഒരു ധിഷണാവ്യാപാരമാണ്. എന്നാൽ ആ ചിന്തയെ ജീവിതത്തിന്റെ ആദർശവും വീക്ഷണവുമാക്കുമ്പോൾ യഥാർത്ഥതത്ത്വജ്ഞാനി സംസാരിക്കാനാരംഭിക്കുകയാണ്. അക്കിത്തത്തിലെ തത്ത്വജ്ഞാനിയെ അദ്ദേഹത്തിന്റെ പല കവിതകളേയും മുൻനിർത്തി വിശദീകരിക്കാറുണ്ട്. എന്നാൽ ജീവിതമധു നുകരാത്ത, സ്നേഹംകൊണ്ട് ജന്മങ്ങളെ തേവി നനയ്ക്കാത്ത വരട്ടുവാദമായിരുന്നില്ല അക്കിത്തത്തിന്റെ തത്ത്വചിന്ത. "ഭൗതികവാദം, ആത്മീയവാദം എന്ന വിഭജനം ഞാൻ ഒരിക്കലും അംഗീകരിച്ചിട്ടില്ല" എന്ന് അദ്ദേഹം സ്വന്തം നിലപാട് വ്യക്തമാക്കിയിട്ടുണ്ട്. അക്കിത്തത്തിൽ ഒരു വേദാന്തിയുണ്ട്. തന്റെ സ്വത്വം അന്വേഷിച്ചുകൊണ്ടിരിക്കുന്ന ഒരു വേദാന്തി. താമരയുടേയും സൂര്യന്റേയും ഉപമയുടെ ചരിത്രവും സാംഗത്യവും തെരയുന്ന ഈ കവിതയിലും ആ വേദാന്തിമുദ്ര പതിഞ്ഞുകിടക്കുന്നു. ആധ്യാത്മികതയിലും ഭൗതികതയുടെ പക്ഷം നിൽക്കുമ്പോഴും

"എന്റെയല്ലെന്റെയല്ലീ കൊമ്പനാനകൾ
എന്റെയല്ലീ മഹാക്ഷേത്രവും മക്കളേ" എന്നു നിർമ്മമനും നിസ്സംഗനുമാകാൻ അക്കിത്തത്തിനു കഴിയുന്നുണ്ട്. കവിയ്ക്കുള്ള സനാതനമായ ഒരു വീക്ഷണത്തിന്റെ പ്രതിഫലനമാണ് ഈ ഉപേക്ഷകൾ സാധ്യമാക്കുന്നത്. ഈ കവിതയിൽ ഭൂമിയിലെ ഇരുമ്പ്, സ്വർണ്ണം എന്നിങ്ങനെയുള്ള നിക്ഷേപരഹസ്യങ്ങളിലേയ്ക്കെത്തുന്ന മനുഷ്യൻ തന്റെ അറിവും അതിലൂടെ ആർജ്ജിച്ച കരുത്തും ഭൂമിയെ 'ജനരുധിരങ്ങളിൽ മുക്കി ചെങ്കോലുകളാൽ കലുഷിതമാക്കുകയാണ് ചെയ്തത്' എന്നതുകൊണ്ട് "അറിവൊരു വാമനനായ്" എന്ന് കവി സമ്മതിക്കുന്നുണ്ട്. മനുഷ്യപുരോഗമനചരിത്രത്തിൽ അഭിരമിക്കുമ്പോൾ തന്നെയാണ് അഹത്തിന്റെ ഈ പടം പൊഴിച്ചിലും കവി നിർവഹിക്കുന്നത്.

സ്നേഹിപ്പൂ ഞാനീ മുഗ്ദ്ധലോകത്തെ ജീവൻ
കൊണ്ടും എന്നും'

'സ്നേഹിച്ചീടുവാൻ സേവിക്കാനും ധരിച്ചിട്ടില്ലെങ്കിലീ ലോകമെന്തിനു കൊള്ളാം' എന്നും കവി 'മനുഷ്യസന്നിധി'യിൽ. അക്കിത്തം സ്നേഹത്തെ ആത്മസുഖമായി പരിവർത്തിപ്പിക്കുകയാണ്. ഈ സ്നേഹം നഷ്ടമാകുന്ന ഒരു കാലത്തെക്കുറിച്ചെഴുതുമ്പോൾ മാത്രമാണ് അക്കിത്തത്തിനു നിസ്സഹായന്റെയോ പീഡിതന്റെയോ വാക്കുകൾ കടമെടുക്കേണ്ടിവരുന്നത്.